**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3627** **05-08-2021 - ൽ മറുപടിയ്ക്ക്**

**ഊർജ്ജ സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. എ. രാജ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വിജിൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതോടൊപ്പം ഊർജ്ജ സംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ; | (എ) | അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവാശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ്2.0, ദ്യുതി 2021, സൗര, ഫിലമെന്റ് രഹിത കേരളം ഇ-സേഫ് തുടങ്ങിയ അഞ്ച് പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018 ൽ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ വൈദ്യുതി വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമമാക്കുന്ന തിനുമായി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നത നിലവാരത്തിലെത്തിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നു. വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി നടപ്പിലാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി തിരുവനന്തപുരം ജില്ലയിൽ പേയാട് ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പിലാക്കിയിരുന്നു. ഇതിലൂടെ വൈദ്യുതി തടസ്സവും അപകടങ്ങളും നല്ലൊരളവ് വരെ ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 100kW / 120kVA ക്ക് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമ പ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധിതമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 മുതൽ ഇത് കേരള സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി 2011 ൽ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ചെറുകിട |

| | | | |
|---|---|---|---|
| | | | വ്യവസായ മേഖലയിൽ സൗജന്യ പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പിലാക്കുന്നു സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. 2019 ൽ തിരുവനന്തപുരം ജില്ലയിലെ 10 ഗവൺമെന്റ് പബ്ലിക്/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ മൊത്തം 327 എൽ.ഇ.ഡി ട്യൂബ് ലൈറ്റുകൾ, 240 എൽ.ഇ.ഡി ബൾബ്, 145 സീലിംഗ് ഫാൻ എന്നിവ വിതരണം ചെയ്യുകയും, ആകെ 30049 യൂണിറ്റ് ഊർജ്ജ ലാഭം ഉണ്ടാക്കുകയും ചെയ്തു. ചൈതന്യം പദ്ധതിയുടെ ഭാഗമായി 2019-20 കാലയളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയവ സ്ഥാപിച്ചിട്ടുണ്ട്. കേരള സർക്കാർ ഫണ്ടിൽ നിന്നും ഒരു കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന തിരഞ്ഞെടുത്ത ഹൗസ് ബോട്ടിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജക്ഷമത കൂടിയ ലോ വോൾട്ട് ഡി.സി ഉപകരണങ്ങൾ ഘടിപ്പിക്കുകയും സൗര വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന പദ്ധതി 2021 ൽ പൂർത്തീകരിച്ചു. കുട്ടനാട്, തൃശ്ശൂർ, പൊന്നാനി കോൾ നിലയങ്ങളിൽ ഉപയോഗിക്കുന്ന ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പെട്ടിപറ പമ്പുകൾക്ക് പകരം ഉപയോഗിക്കുവാൻ സാധിക്കുന്ന ഊർജ്ജകാര്യക്ഷമത കൂടിയ പമ്പുകൾ വികസിപ്പിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജകാര്യക്ഷമ ഗ്രാമ പഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. ഊർജ്ജ സംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം. ഇതിന്റെ ഭാഗമായി 7841 സ്കൂളുകളെ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി സംഘടിപ്പിച്ച് 70000 ത്തോളം കുട്ടികളുടെ നേതൃത്വത്തിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. ഈ പദ്ധതി മറ്റ് സ്കൂളുകളിലേക്കും വ്യാപിപ്പിക്കാനുള്ള പ്രവർത്തന ങ്ങൾ നടന്നുവരുന്നു. |
| (ബി) | ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ | (ബി) | ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു കോടി ബൾബുകൾ |

| | | | |
|---|---|---|---|
| | എന്തെല്ലാമാണ്; | | കെ.എസ്.ഇ.ബി.എൽ ആദ്യപടിയായി വാങ്ങിയിരുന്നു. ഇതിൽ 93.37 ലക്ഷം LED ബൾബുകൾ രജിസ്റ്റർ ചെയ്ത 11.73 ലക്ഷം ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 01.08.2021 വരെ രജിസ്റ്റർ ചെയ്ത 3.35 ലക്ഷം ഉപഭോക്താക്കൾക്ക് 28.45 ലക്ഷം ബൾബുകൾ കൂടി ഇനി വിതരണം ചെയ്യാനുണ്ട്. 25 ലക്ഷം ബൾബുകൾ കൂടി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ അഡീഷണൽ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകൾ വഴിയാണ് ബൾബുകൾ വിതരണം ചെയ്യുന്നത്. |
| (സി) | ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന എൽ. ഇ.ഡി. ബൾബുകളുടെ വിതരണത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; | (സി) | ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു കോടി ബൾബുകൾ കെ.എസ്.ഇ.ബി.എൽ ആദ്യപടിയായി വാങ്ങിയിരുന്നു. ഇതിൽ 93.37 ലക്ഷം LED ബൾബുകൾ രജിസ്റ്റർ ചെയ്ത 11.73 ലക്ഷം ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 01.08.2021 വരെ രജിസ്റ്റർ ചെയ്ത 3.35 ലക്ഷം ഉപഭോക്താക്കൾക്ക് 28.45 ലക്ഷം ബൾബുകൾ കൂടി ഇനി വിതരണം ചെയ്യാനുണ്ട്. 25 ലക്ഷം ബൾബുകൾ കൂടി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ അഡീഷണൽ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകൾ വഴിയാണ് ബൾബുകൾ വിതരണം ചെയ്യുന്നത്. |
| (ഡി) | ഫിലമെന്റ് ബൾബുകൾക്കും സി. എഫ്. എൽ -കൾക്കും പകരം എൽ. ഇ.ഡി ബൾബുകളുടെ ഉപയോഗം വൈദ്യുതോപയോഗം ഗണ്യമായി കുറയ്ക്കുമെന്നതിനാൽ ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായും മിതമായ വിലയ്ക്കും സബ്സിഡിയോടെയും ഇവ വിതരണം ചെയ്യുന്നതിനായും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | ഒരു LED ബൾബിന് സഹായവിലയായ 65 രൂപ നിരക്കിലാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നത്. പലിശരഹിത തവണ വ്യവസ്ഥയിൽ ബൾബുകളുടെ വില ഈടാക്കുന്നതിനുള്ള സൗകര്യം ഏർപ്പെട്ടു ത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ-ന്റെ വെബ്സൈറ്റ് വഴിയും എസ്.എം.എസ് മുഖേനയും ഉപഭോക്താക്കളെ ബോധവത്ക്കരിച്ച് ഈ പദ്ധതിയിൽ പങ്കാളികളാക്കാനുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ ചെയ്ത് വരുന്നു. എനർജി മാനേജ്മെന്റ് സെന്റർ പൊതുജനങ്ങൾക്കായി അനവധി ബോധവൽകരണ പരിപാടികൾ/ ശില്പശാലകൾ നടത്തിവരുന്നു. ഇത്തരത്തിലുള്ള ഭൂരിഭാഗം പരിപാടികളിലും എൽ.ഇ.ഡി ബൾബുകളുടെ ഗുണമേന്മയെക്കുറിച്ച് പരാമശിക്കാറുണ്ട്. കോവിഡ് കാരണം നേരിട്ട് പരിപാടികൾ നടത്തുവാൻ സാധിക്കാത്ത അവസരത്തിൽ ഇ.എം.സി യുടെ ഫേസ്ബുക് പേജിലൂടെ ഒരു വർഷം നീണ്ടു നിന്നിരുന്ന ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണം എന്ന ലൈവ് പ്രോഗ്രാം നടത്തിയിട്ടുണ്ട്. എല്ലാ ബുധനാഴ്ചക ളിലുമാണ് ലൈവ് പ്രോഗ്രാം നടത്തിയിരുന്നത്. |

| | | | |
|---|---|---|---|
| | | | എല്ലാ പ്രോഗ്രാമുകളിലും എൽ.ഇ.ഡി ലൈറ്റുകളുടെ ഗുണമേന്മയെ കുറിച്ച് പറയാറുണ്ട്. കൂടാതെ ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി എൽ.ഇ.ഡി ബൾബുകളുടെ ഗുണമേന്മയെ കുറിച്ചുള്ള വിവരണങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും ആകാശവാണി, എഫ്.എം റേഡിയോകളിൽ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ